ശാക്കിറ. വി.എ
രണ്ടാം വർഷ ഇംഗ്ലീഷ് സാഹിത്യം




# ഭാഷയുടെ സുകൃതം ഈ കഥാപുസ്തകം

കഥയുടെ കിലുക്കാംപെട്ടി കിലുക്കി നമ്മെ കൊതിപ്പിച്ച മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരി കമലാസുരയ്യ ഓർമയായി... നീർമാതളത്തണലിലിരുന്ന് അവർ മെനഞ്ഞെടുത്ത സുന്ദരമായ കഥകൾ ബാക്കിയായി. സത്യവും സൗന്ദര്യവും പ്രതിഭയും ചേർന്ന സമസ്യയായിരുന്നു മലയാളത്തിന്റെ മാധവിക്കുട്ടി. മലയാളത്തിന്റെ മനസ്സുതൊട്ട ഈ രാജകുമാരിയുടെ ജീവിതം എഴുത്തിന് ആത്മബലിയായിരുന്നു. സ്വന്തം കഥകളിലൂടെ വികാരവിചാരങ്ങളുടെ പുതിയ മാനങ്ങളിലേക്ക് നമ്മെ കൈപിടിച്ചുയർത്തുകയായിരുന്നു കമലാദാസ്.

പ്രതീക്ഷകളും പ്രണയവും ബാക്കിവെച്ച് ആ സ്നേഹനക്ഷത്രം യാത്രയാകുമ്പോൾ മലയാളിയുടെ നെഞ്ചിൽ ഓർമകളുടെ തിരയിളക്കം... കമലയെക്കുറിച്ചുള്ള ഓർമകളിൽ നീർമാതളം തണൽ വിരിച്ചു നിൽക്കുന്നു. ജീവന്റെ ഹരിതാഭയായിരുന്നു കമലക്ക് നീർമാതളം. ശിശുസഹജമായ നിഷ്കളങ്കതയോടെ കഥകൾ പറഞ്ഞ കമലയുടെ ഉള്ളിൽ മരണം വരെ മനസ്സിന്റെ പടിവിട്ട് പോകാത്ത ഒരു കുട്ടിയുണ്ടായിരുന്നു. നീർമാതളം പൂത്തകാലം, ബാല്യകാലസ്മരണകൾ തുടങ്ങിയ അവരുടെ കൃതികളിൽ കൗതുകം തുളുമ്പുന്ന മിഴികളുമായി നമുക്കവരെ കാണാം. എന്നും ആമിയുടെ സ്വന്തമായ പുന്നയൂർകുളത്തിന്റെ പ്രകൃതി സൗന്ദര്യവും നാലപ്പാട്ട് തറവാട്ടിന്റെ

സാംസ്കരികപഴമയും പിന്നീടെപ്പോഴോ കമലയുടെ കഥകളിലൂടെ മലയാളിക്ക് സ്വന്തമായി. ആശാന്റെയും ബഷീറിന്റെയും സാഹിത്യജീവിതത്തിന് തറക്കല്ലിട്ട മൺക്കട്ടയായിരുന്നു ആമിയുടെ കളിമുറ്റം. നാലപ്പാട്ടെ അകത്തളങ്ങളിൽ കണ്ണും കാതും കൂർപ്പിച്ചു നടന്ന് അവൾ കണ്ടതത്രയും (സ്വപ്നവും യാഥാർത്ഥ്യവും) നമ്മളുമായി പങ്കുവെക്കുകയായിരുന്നു. അച്ഛനൊരിക്കലും അംഗീകരിക്കാത്ത ആ പെൺകുട്ടി മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരിയായി മാറുകയായിരുന്നു. സ്വന്തം സ്വത്വത്തെ അന്വേഷിക്കുന്നവയായിരുന്നു കമലയുടെ കഥകൾ. ഓരോ രചനയിലും എത്ര കണ്ടാലും കാണാതെ പോവുന്ന. പ്രമേയങ്ങളെ അവർ ഒളിപ്പിച്ചുവെച്ചു. 'ലോകം ഒരു കവയത്രിയെ സൃഷ്ടിക്കുന്നു' എന്ന കഥയിൽ പതിനഞ്ചാം വയസ്സിൽ ഭാര്യയായ കമലയുടെ നേർ ചിത്രം കാണാം. ഏകാന്തത കഥകളിലുടനീളമുണ്ട്. ഏകാന്തത നെഞ്ചേറ്റിയവരായിരുന്നു നായികമാരിലധികവും.

എന്നാൽ കമലയുടെ കഥകളത്രയും സ്നേഹത്തെ കുറിച്ചാണ് നമ്മോട് സംവദിച്ചത്. സ്നേഹത്തിനായുള്ള ഉപാസനയായിരുന്നു ആ എഴുത്തും സംഭാഷണവും ജീവിതവും. നിഷ്കളങ്കമായ മനസ്സും സ്നേഹത്തിനു വേണ്ടി വെമ്പുന്ന ഹൃദയവുമാണ് ആ എഴുത്തുകാരിയെ രൂപപ്പെടുത്തിയത്. കമലാസുരയ്യയും, മാധവിക്കുട്ടിയും, കമലാദാസും, ആമിയും മലയാളിക്ക് സ്നേഹത്തിന്റെ പര്യായമായതിൽ അതിശയമില്ല. സ്നേഹത്തെ കുറിച്ച് അവർ കണ്ട സ്വപ്നങ്ങൾ കഥകളായി നമുക്ക് പറഞ്ഞുതരുമ്പോൾ നാം സ്വപ്നം കാണാൻ മറന്നതവർ അറിഞ്ഞില്ല. സ്നേഹം കിനാവാണെന്നറിയാൻ ഒരുപാട് വൈകിപ്പോയിരുന്നു അവർ. പ്രണയത്തെ അവർ ശ്രീകൃഷ്ണനെന്ന് വിളിച്ചു. ആത്മപ്രകാശത്തിന്റെ വഴിയായിരുന്നു അവർക്ക് സാഹിത്യം. നിരുപാധികസ്നേഹമാണ് സാഹിത്യത്തിന്റെ കാതൽ എന്നവർ ഉറച്ചു വിശ്വസിച്ചു. സ്നേഹത്തെ കുറിച്ചുള്ള അവരുടെ ധാരണകൾ കഥകൾ തോറും വിഭിന്നമാവുന്നു. 'പതിമൂന്ന് വയസ്സായ മകൾ' എന്ന കഥയിൽ ഭ്രാന്തൻവണ്ടിനെപോലെയാണ് സ്നേഹമെന്ന് എഴുതിയ അവർ "വേണമെങ്കിൽ എന്റേതായ ആഹാരവും ജലവും നീ എടുത്തുമാറ്റിക്കൊള്ളുക, പക്ഷെ വിശപ്പും ദാഹവും എടുത്തുമാറ്ററുതേ" എന്നാണ് പ്രാർത്ഥിക്കുന്നത് ആ വിശപ്പാകട്ടെ സ്നേഹത്തിനു വേണ്ടിയും.

കമലാസുരയ്യയും, മാധവിക്കുട്ടിയും, കമലാദാസും, ആമിയും മലയാളിക്ക് സ്നേഹത്തിന്റെ പര്യായമായതിൽ അതിശയമില്ല. സ്നേഹത്തെ കുറിച്ച് അവർ കണ്ട സ്വപ്നങ്ങൾ കഥകളായി നമുക്ക് പറഞ്ഞുതരുമ്പോൾ നാം സ്വപ്നം കാണാൻ മറന്നതവർ അറിഞ്ഞില്ല. സ്നേഹം കിനാവാണെന്നറിയാൻ ഒരുപാട് വൈകിപ്പോയിരുന്നു അവർ.

ഇത്രയേറെ മലയാളത്തെ സ്നേഹിച്ചിട്ടും, സ്നേഹിക്കാൻ പഠിപ്പിച്ചിട്ടും വിവാദങ്ങൾ അവരെ നിഴൽപോലെ പിന്തുടരുകയായിരുന്നു. നാം അവരെ കാമഭ്രാന്തിയെന്ന് വിളിച്ചു, സ്ഫടികത്തിന്റെ സ്വച്ഛന്ദതയുണ്ടായിരുന്ന ആ ജീവിതത്തെ തകർത്തത് നമ്മൾ വായനക്കാരായിരുന്നു. യഥാർത്ഥത്തിൽ സ്വതന്ത്ര്യത്തിലേക്ക് സദാ കുതിക്കുന്ന സർഗാത്മകതയായിരുന്നു അത്. നാം തിരിച്ചറിയാതെ പോയതും അതാണ്. സാഹിത്യവും ജീവിതവും രണ്ടായി കാണാൻ അവർക്ക് കഴി

ഞ്ഞില്ല. സ്നേഹത്തെക്കുറിച്ചുള്ള അലരുടെ വാക്കുകളിൽ കാമം ചികയാനായിരുന്നു നമുക്കെന്നും ഇഷ്ടം. എന്നാൽ ശരീരതൃപ്തിയായിരുന്നില്ല ആത്മീയ പര്യവേഷണമായിരുന്നു അവർ നടത്തിയത്. സ്നേഹത്തിലേക്കുള്ള മാർഗ്ഗമായിരുന്നു അവർക്ക് ശരീരം. അത് കൊണ്ടാണല്ലോ ശരീരത്തെ കൂത്തുപാവയായി അവർ അവതരിപ്പിച്ചത്. സ്നേഹമില്ലാത്ത ദാമ്പത്യം മരണമാണെന്ന് വിശ്വസിക്കുന്ന കഥാനായികമാർക്കെല്ലാം കമലയുടെ മുഖം! രാധയുടെ കത്ത്, രാജാവിന്റെ പ്രേമഭാചനം, സ്വതന്ത്രജീവികൾ, കൂത്തുപാവ തുടങ്ങിയ കഥകളിൽ നമുക്ക് ഈ സ്ത്രീത്വത്തെ കാണാം. സമൂഹത്തിന്റെ കാപട്യങ്ങളെ തുറന്നുകാട്ടിയ അവരെ അംഗീകരിക്കാൻ നാം തയ്യാറല്ലായിരുന്നു. ശരീരത്തെ പാഴ്വസ്തുവായികണ്ട അവരുടെ കഥകളിൽ നഗ്നമാക്കപ്പെട്ടത് ശരീരമല്ല, ആത്മാവാണ്.

ധീരത അവരുടെ സർഗാത്മകതയുടെ മുഖമുദ്രയായിരുന്നു. അന്വേഷണങ്ങളുടെ സംവാദാത്മക ആവിഷ്കാരങ്ങളായിരുന്നു അവ. ജീവിതം ഉറ്റിനിൽക്കുന്ന കഥകളിലൂടെ അധീശധാരണകളെ പൊളിച്ചെഴുതാനുള്ള ശ്രമമാണ് അവർ നടത്തിയത്. 1956ൽ പുറത്ത് വന്ന 'സ്നേഹത്തിന്റെ കഥ'യിൽ ഈ ധീരത പ്രതിഫലിക്കുന്നുണ്ട്. 'പ്രയോജന മാത്ര'സംസ്ക്കാരത്തിന്റെ ഹൃദയശൂന്യത തുറന്ന് കാട്ടാനവർ ധൈര്യം കാണിച്ചു. വ്യവസ്ഥാപിക മൂല്യങ്ങളോടുള്ള ദാക്ഷിണ്യമില്ലാത്ത കലഹമായിരുന്നു അവരുടെ രചനകൾ. സാമൂഹികമൂല്യങ്ങളെ സ്ഥാപിതതാത്പര്യങ്ങളുടെ സന്തതികളെന്ന് വിളിച്ച് പരിഹസിക്കുകയാണ് കമലസുരയ്യ. നമുക്ക് വിധിക്കപ്പെട്ട മൂടുപടമണിഞ്ഞ ഭാഷയുടെ വിലക്കിനെതിരെയാണ് കമല പ്രതികരിച്ചത്. സമുദായ മുത്തശ്ശിയുടെ കശാപ്പുശാലയാണ് സദാചാരമെന്ന് പ്രഖ്യാപിച്ച അവർ താനൊരു സമ്പൂർണ്ണ സ്ത്രീയാണെന്ന് സമുദായ മുത്തശ്ശിയെ ബോധ്യപ്പെടുത്തിയാണ് വിടവാങ്ങിയത്.

> വ്യവസ്ഥാപിക മൂല്യങ്ങളോടുള്ള ദാക്ഷിണ്യമില്ലാത്ത കലഹമായിരുന്നു അവരുടെ രചനകൾ. സാമൂഹികമൂല്യങ്ങളെ സ്ഥാപിതതാത്പര്യങ്ങളുടെ സന്തതികളെന്ന് വിളിച്ച് പരിഹസിക്കുകയാണ് കമല സുരയ്യ. നമുക്ക് വിധിക്കപ്പെട്ട മൂടുപടമണിഞ്ഞ ഭാഷയുടെ വിലക്കിനെതിരെയാണ് കമല പ്രതികരിച്ചത്.

'അബദ്ധങ്ങളുടെ രാജകുമാരി'യെന്നവർ സ്വയം വിശേഷിപ്പിക്കുമ്പോൾ അബദ്ധം പറ്റിയത് നമുക്കാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അവർക്ക് ആദരവിനേക്കാളേറെ നിന്ദയാണ് നാം, മലയാളികൾ നൽകിയത്. 'എന്റെ കഥ'യുടെ പ്രസിദ്ധീകരണത്തോടെയാണ് വിമർശനങ്ങളുടെ ഉരുൾപ്പൊട്ടലുണ്ടായത്. ആ സ്നേഹനിലയത്തിലേക്ക് മലവെള്ളപാച്ചിൽ ഇരമ്പിയെത്തി. "ബാലാമണിയമ്മക്ക് ഇങ്ങനെയൊരു മകളോ?" എന്ന് കേരളം നെറ്റിചുളിച്ചു. എന്തു കൊണ്ട് ഞാനിങ്ങനെയായെന്ന് ഞാൻ വായിച്ചപുസ്തകങ്ങളോട് ചോദിക്കാനാണവർ പറഞ്ഞത്. തന്നെ കുറിച്ച് സഹൃദയർ തർക്കിക്കുന്നത് മൗനിയായി ഗൂഢമായ ഒരാന്തത്തോടെ അവർ നോക്കയിരുന്നു. ആ മുഖത്ത് മായാതെ നിന്നിരുന്ന പുഞ്ചിരി വേദനകൾക്കുമേൽ പിടിച്ച മറയായിരിന്നു. തരള

മായ കാൽപനികത വ്യക്തിസത്തയുടെ ഭാമായത് കൊണ്ടാവാം വിമർശനങ്ങൾ ഇവരെ ഇത്രമോൽ വേദനിപ്പിച്ചത്. വെറുതെ പൊട്ടികരയുമായിരുന്ന ആ കുട്ടി സ്കൂളിൽ 'വിചിത്ര ജീവി' ആയിരുന്നല്ലോ. ഈ കപടലോകത്തിൽ ആത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണ് അവരുടെ പരാജയം. വേദനകൾ അവരെ അജ്ഞാതവാസത്തിനയച്ചെങ്കിലും മരണത്തിലും സഹൃദയരെ ഒന്നായി കാണാൻ കേരളത്തിൽ തിരച്ചെത്തിയ 'ഭാഷയുടെ സുകൃതമായ ആ കഥാപുസ്തകം' എന്നും കൈരളിയുടെ സ്വന്തം. 'മാൻപേട പ്രസവിച്ച കുരങ്ങൻ കുട്ടി' യെന്ന് അവർ സ്വയം വിശേഷിപ്പിച്ചെങ്കിൽ മാൻപേടക്ക് പിറന്ന വെള്ളരിപ്രാവാണ് കമല. സമാധാനത്തിന്റെ, സ്നേഹത്തിന്റെ വെള്ളരിപ്രാവ്.

മതം മാറ്റത്തിൽ നാം പ്രകടിപ്പിച്ച ഉത്കണ്ഠ അനുചിതമാണ്. സ്നേഹത്തിനായുള്ള അവരുടെ അന്വേഷണത്തിന്റെ അന്ത്യമായിതുന്നു 1999ൽ നാം കണ്ട ഇസ്ലാം അശ്ലേഷം. പാമ്പ് തന്റെ ജീർണ്ണിച്ച തോൽ ഊരികളയുമ്പോലെ ഭൂതകാലം ഉപേക്ഷിച്ചു എന്നവർ പറയുമ്പോൾ നാമെന്തിന് വ്യാകുലപ്പെടണം? അവർക്കതിൽ പശ്ചാതപവുമില്ലായിരുന്നു. ഭക്തിയെ ശിരോവസ്ത്രമായി കണ്ട കമല, ബലഹീനതയുടെ വസ്ത്രങ്ങൾ അഴിച്ചിട്ടു, 'മതം അന്ധതയെ നിർമ്മിക്കിന്നുവെങ്കിൽ നാം അതിനെബലികൊടുക്കുക. നമുക്ക് ദൈവം മതി, ദൈവം വേലികെട്ടിയിട്ടില്ല' എന്ന വാക്കുകൾ കാലിക സമൂഹത്തിന് കമലസുരയ്യ നൽകുന്ന ഉപദേശമാണ്. കമലയുടെ എഴുത്ത് ഭാഷയുടെ അതിരുകളിൽ ഒതുങ്ങിനിന്നില്ല. കടഞ്ഞെടുത്ത ഭാഷാശൈലി കൊണ്ട് ഇംഗ്ലീഷ് സാഹിത്യത്തിലും ലാളിത്യം കൊണ്ട് മലയാളത്തിലും ഒരു പോലെ അവർ ശ്രദ്ധേയമായി. സ്നേഹവും, വേർപ്പാടും, വഞ്ചനയും രചനകളിൽ മിന്നിമറഞ്ഞു പൊരുത്തപെടാനാവാത്ത ലോകത്ത് മനസിന് അഭയം നൽകാനുള്ള മാർഗ്ഗമായിരുന്നു കവിത. ഇവിടെ കഥയും കവിതയും തമ്മിലുള്ള അന്തരം നേർത്തുവരുന്നു. എങ്കിലും കപടസദാചാരത്തിന്റെ ജഡഭാരം പേറുന്ന മാതൃഭാഷക്ക് കവിത ഉൾക്കൊള്ളാൻ കഴിയില്ലെന്നവർ വിശ്വസിച്ചു. സ്നേഹത്തിന്റെ ബൃഹത്തായൊരു കവിതാലോകം നമുക്ക് നഷ്ടം.

> 'മതം അന്ധതയെ നിർമ്മിക്കിന്നുവെങ്കിൽ നാം അതിനെബലികൊടുക്കുക. നമുക്ക് ദൈവം മതി, ദൈവം വേലികെട്ടിയിട്ടില്ല' എന്ന വാക്കുകൾ കാലിക സമുഹത്തിന് കമലസുരയ്യ നൽകുന്ന ഉപദേശമാണ്.

ഫെമിനിസം കേരളത്തിൽ വേരുറക്കുന്നതിന് മുമ്പേ വൈകാരികസത്ത ആവാഹിച്ച രചനകൾ കമലയിലൂടെ നാം കണ്ടു. പക്ഷെ ഫെമിനിസത്തിൽ നിന്ന് ഏറെ അകലെയാണ് ഫെമിനിസ്റ്റല്ലാത്ത കമല. യഥാർത്ഥ സ്ത്രീയെ കോറിയിടാനുള്ള ശ്രമങ്ങളാണ് ആ കഥകൾ. പുരുഷനെഅവന്റെ ഏകാധ്യപത്യത്തിൽ നിന്ന് ഇറക്കി കൊണ്ടുവരാനുള്ള ശ്രമമാണവർ നടത്തിയത് 'നെയ്പായസം' എന്ന കഥയിൽ അമ്മക്ക് പകരമാവാൻ കഴിയാത്ത അച്ഛൻ പുരുഷവർഗത്തിന്റെ ദൗർബല്യത്തെ

യാണ് പ്രതിഫലിപ്പിക്കുന്നത്. 1950 കളിലാണ് സ്ത്രീത്വത്തെ കുറിച്ചുള്ള അപഗ്രഥനങ്ങൾ ആരംഭിച്ചത്. കമലാസുരയ്യയുടെ സ്ത്രീകഥാപാത്രങ്ങളിലൂടെ കടന്ന് പോവുമ്പോൾ എല്ലാ സ്ത്രീകൾക്കും പൊതുവായി ചിലത് പങ്കിടാനുണ്ടെന്ന നിഗമനത്തിലാണ് നാം എത്തിച്ചേരുന്നത്. ശരീരവും കർമ്മവും സാന്നിധ്യവും പുരുഷ നിർമ്മിയെണെന്ന സത്യം ആ രചനകൾ നമ്മെ ഓർമ്മപ്പെടുത്തി. സ്ത്രീയ്ക്കും പുരുഷ്യനുമായിട്ടുള്ള വൈരുദ്ധ്യങ്ങളെയാണവർ അവരുടെ കണ്ടെത്തലുകൾ. അത് കൊണ്ട് തന്നെ അതംഗീകരിക്കാൻ ഒരിക്കലും തയ്യാറായില്ല. പ്രബുന്ധ കേരളത്തിലും പണ്ണ് സുരക്ഷിതയല്ലെന്ന് യാതൊരു കൂസലുമില്ലാതെ അവർ തുറന്നെഴുതി അടിമയാകേണ്ടവളല്ലെങ്കിലും അങ്ങനെയായിരുന്ന സ്ത്രീത്വത്തെയാണ് സ്വന്തം ജീവിതത്തിലൂടെ 'എന്റെ കഥയിൽ ആവിഷ്കരിച്ചത്. ജീവിതമാകുന്ന മുൾവേലിപൊട്ടിച്ച് വിഴുങ്ങുകയായിരുന്നു കമല.

എന്തിനെയും വിമർശിക്കാനുള്ള ധൈര്യമുണ്ടായിരുന്നു അവർക്ക് എഴുത്തിലെ പോലെ പ്രവർത്തിയിലും ആ ധീരത അവർ പ്രകടിപ്പിച്ചു. ഇസ്ലാമിലെത്തിയ ഉടനെ അതിലെ വൈകല്യങ്ങൾകെതിരെ ശബ്ദമുയർത്തിയത് ഈ അഭിപ്രായത്തിന് ദൃഷ്ടാന്തമാണ്. ദരിദ്രൻ പട്ടിണി കിടക്കുമ്പോൾ ഫുഡ് പോയ്സൺ ഉണ്ടാക്കും വിധം ആഹാരം കഴിക്കുന്ന, കഴിപ്പിക്കുന്ന ഇഫ്താർ വിരുന്നുകൾകെതിരെ സ്ത്രീധന സമ്പ്രദായത്തിനെതിരെ എല്ലാം അവർ ആഞ്ഞടിച്ചു. നന്മയെ തിന്മയിൽ നിന്ന് വേർതിരിയ്ക്കാൻ പാലാഴിമഥനം ആവശ്യമാണെന്ന് പറഞ്ഞ കഥകാരിയാണവർ. ദൈവത്തിന്റെ വേഷം കെട്ടി അരങ്ങിലാടാൻ വെമ്പുന്ന കീടങ്ങളെന്ന് അവർ മനുഷ്യനെവിളിച്ചു. കേരളീയ സംസ്ക്കാരം ചുവരിൽ തൂങ്ങുന്ന കഥകളിമാസ്ക് മാത്രമായതിലെ വേദനഅവർ മറച്ചുപിടക്കുന്നില്ല. എങ്കിലും കേരളം എന്നും അവർക്ക് പ്രിയപ്പെട്ടതായിരുന്നു. ആർഷജ്ഞാനത്തിന്റെ നാലമ്പലത്തിലാരംഭിച്ച് പാളയം പള്ളിയിലവസാനിച്ച ആ ജീവിതം ഗ്രീക്ക് നാടകമായിട്ടുപമിക്കുന്നുവെങ്കിൽ എങ്ങനെയാണ് തെറ്റുപറയാനൊക്കുക?

കേരളീയ സംസ്ക്കാരം ചുവരിൽ തൂങ്ങുന്ന കഥകളിമാസ്ക് മാത്രമായതിലെ വേദനഅവർ മറച്ചുപിടക്കുന്നില്ല. എങ്കിലും കേരളം എന്നും അവർക്ക് പ്രിയപ്പെട്ടതായിരുന്നു. ആർഷജ്ഞാനത്തിന്റെ നാലമ്പലത്തിലാരംഭിച്ച് പാളയം പള്ളിയിലവസാനിച്ച ആ ജീവിതം ഗ്രീക്ക് നാടകമായിട്ടുപമിക്കുന്നുവെങ്കിൽ എങ്ങനെയാണ് തെറ്റുപറയാനൊക്കുക?

പ്രണയം നെഞ്ചേറ്റിയ കമല ഒടുക്കം മൃത്യുവിന്റെ കാമുകിയായി. പക്ഷിയുടെ മണം, മലഞ്ചെരിവുകൾ തുടങ്ങിയ കഥകളിലേതു പോലെ മരണം കമലയെ തേടിയെത്തി. അനശ്വരതയിലേക്കുള്ള ക്ഷണമാണ് മരണ മെന്ന വിശ്വാസം, ആത്മവിശ്വാസമായിരുന്നു അവർക്ക്. അവർ സ്നേഹ മന്വേഷിച്ചു, മരണം അവർക്ക് വഴി പറഞ്ഞു കൊടുത്തു. ആകാ ശത്തിന്റെ അതിരുകൾ കത്തിക്കുന്ന ഗുൽ മോഹർ പൂക്കളെ പ്രണയിച്ച് അവയോടൊപ്പം ആ സ്നേഹത്തിന്റെ രാജകുമാരി ഇനിയെന്നുമുണ്ടാവും പാളയം ജുമാമസ്ജിദ് ഖബർസ്ഥാനിൽ. മാർഗദീപമായി, ഒരു ഇതിഹാസം പോലെ...



# നീർമാതളത്തിന്റെ ഓർമ്മയ്ക്ക്...

അന്ന് നീ...
നീർമാതളം പൂക്കുന്നത്
കിനാവ് കണ്ടതും
ബാല്യത്തിന്റെ മഞ്ചാടി മണികൾ
പെറുക്കി നടന്നതും
കുളപ്പടവിൽ പോക്രാം തവളയോട്
കണ്ണുരുട്ടിയതും
ബാല്യത്തിന്റെ കിളിവാതിലിലൂടെ
വലിയ ലോകം ഒളിച്ചുകണ്ടതും
ഞങ്ങൾ ഓർക്കുന്നു...
പിന്നെ നീ...
കണ്ട സ്വപ്നങ്ങളെ കാൻവാസിൽ
കോറിയിട്ടതും
പുത്തൻ ആശയങ്ങളുടെ
വിതാനങ്ങളെ പുണർന്നതും
വിവാദങ്ങളുടെ തോഴിയായതും
വിടചൊല്ലി പറന്നകന്നതും
ഞങ്ങൾ സ്മരിക്കുന്നു...
ഒടുക്കം നീ...
പൂവിട്ട നീർമാതളച്ചുവട്ടിൽ
രൂപമില്ലാതെ തിരിച്ചെത്തിയതും
സ്നേഹത്തിന്റെ കാണാചരടിൽ
ഞങ്ങളെ കോർത്തിട്ടതും
ഞങ്ങൾ അറിയുന്നു...
ഇനി നീ...
പൂവാകയുടെ ചുവട്ടിലെ സ്നേഹസ്മാരകമായി
ശിലാഫലകത്തിലെ ലിപികളായി
നാലുചുവരിനുള്ളിലെ വീർപ്പുമുട്ടലായി
ഓർമകളിൽ ഒതുങ്ങും (ഒതുക്കും)
എങ്കിലും നീ...
തെളിച്ചു വെച്ച സ്നേഹദീപം
അണയാതിരിക്കും ഒരു ഓർമ്മയായി...

*പ്രാർത്ഥനയോടെ, മാഗസിൻ പ്രവർത്തകർ*